5692/എച്ച്/2018/കെ.എസ്.എച്ച്.ഒ. 05..06..2018

## സർക്കുലർ.

വിഷയം : കുടുംബശ്രീ - തരിശുരഹിത ഗ്രാമം (Ag 04) - മാർഗ്ഗരേഖ - സംബന്ധിച്ച്

തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ കൃഷി വകുപ്പ്, ഗ്രാമ പഞ്ചായത്ത്, തൊഴിലുറപ്പ്, എന്നിവരുമായി സംയോജിച്ചു കേരളമൊട്ടാകെ ആവിഷ്കരിക്കുന്ന പദ്ധതിയാണ് തരിശുരഹിത ഗ്രാമം.

**പൊതുവായ നിർദ്ദേശങ്ങൾ :**

- ഗ്രാമ പഞ്ചായത്തിൽ നിന്നും കൃഷി യോഗ്യമായ തരിശുഭൂമിയുടെ വിശദാംശങ്ങൾ ജീവ ശേഖരിക്കുക.
- ജീവ , ബ്ലോക്ക് കോഓർഡിനേറ്റർ ഉൾപ്പെടുന്ന ടീം സ്ഥലം സന്ദർശിച്ചു പ്രസ്തുത സ്ഥലം കൃഷിയോഗ്യമാണെന്ന് ഉറപ്പുവരുത്തുക.
- തിരഞ്ഞെടുത്ത സ്ഥലത്ത് ജൈവകൃഷി രീതികൾ ഉപയോഗപ്പെടുത്തി കൃഷി ചെയ്യേണ്ടതാണ്.

**ജില്ലാ മിഷന്റെ ചുമതലകൾ**

- ജില്ലയിൽ കുറഞ്ഞത് 100 ഏക്കർ തരിശുനിലം (നെൽപ്പാടങ്ങൾക്കു മുൻഗണന) കൃഷി യോഗ്യമാക്കുക.
- സി.ഡി.എസ് ചെയർപേഴ്സൺ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, ജീവ ടീം എന്നിവരെ പദ്ധതി വിശദീകരണത്തിനായി ജില്ലാ മിഷനിൽ യോഗം വിളിച്ചു ചേർത്ത് ടാർജെറ്റുകൾ നൽകുക.
- സ്ഥല പരിശോധന റിപ്പോർട്ട് ക്രോഡീകരിച്ചു, കൃത്യമായി മാപ് ചെയ്തു സൂക്ഷിക്കുക

**ബ്ലോക്ക് കോർഡിനേറ്റർമാരുടെ ചുമതലകൾ**

- വെബ്സൈറ്റ് അപ്ഡേഷൻ ഡാറ്റ ശേഖരണം.
- കണ്ടെത്തിയ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനു തൊഴിലുറപ്പു അംഗങ്ങളുടെ സഹായം ഉറപ്പിക്കുക.

- ഗ്രൂപ്പുകളുടെ ആവശ്യനുസരണം സാങ്കേതിക സഹായം ലഭ്യമാക്കുക.
- കൃഷിയോഗ്യമാക്കിയ തരിശുനിലങ്ങൾ നേരിട്ട് സന്ദർശനം നടത്തി റിപ്പോർട്ട് ജില്ലാമിഷനിൽ സമർക്കേണ്ടതാണ്.

**സി ഡി എസ്സിന്റെ ചുമതലകൾ**

- തരിശു ഭൂമി കൃഷിക്ക് താൽപര്യമുള്ള ജെ എൽ ജി ഗ്രൂപ്പുകളെ കണ്ടെത്തി കൃഷിക്കാവശ്യമായ സഹായം ചെയ്യുക.
- കൃഷി വകുപ്പുമായും പഞ്ചായത്തുമായും സഹകരിച്ചു 5 വർഷത്തിൽ കൂടുതൽ തരിശായി കിടക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കുക.
- തൊഴിലുറപ്പു അംഗങ്ങളുടെ പിന്തുണ ഉറപ്പാക്കുക
- സി.ഡി.എസിൽ പ്രത്യേക യോഗം വിളിച്ചുകൂട്ടി ജെ. എൽ. ജി. കൺവീനർക്കു പദ്ധതി ഏകോപന ചുമതല നൽകുക.
- സി.ഡി. എസ് സാക്ഷ്യപെടുത്തിയ ക്രോഡീകരണ ഫോറം ജില്ലാ മിഷനിൽ എത്തിക്കുക.

**ജീവ ടീം അംഗത്തിന്റെ ചുമതലകൾ**

- സ്ഥല പരിശോധന സമയബന്ധിതമായി പൂർത്തികരിക്കുക. കൃഷി ചെയ്യാൻ താത്പര്യമുള്ള ജെ എൽ ജി ഗ്രൂപ്പുകളെ കണ്ടെത്തി കൃഷിക്കാവശ്യമായ സഹായം ചെയ്യുക (അനുബന്ധം I).
- ക്രോഡീകരണ ഫോറം സി ഡി എസിനു സമർപ്പിക്കുക.
- കണ്ടെത്തിയ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനു തൊഴിലുറപ്പുകാരുടെ സഹായം ഉറപ്പുവരുത്തുക.
- കുറഞ്ഞത് 5 വർഷം എങ്കിലും തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി ഏക്കർ ഒന്നിന് 200 രൂപ നിരക്കിൽ ജീവയ്ക്കു ഹോണറേറിയം നൽകാവുന്നതാണ്. എം. കെ.എസ്. പി. ബ്ലോക്ക് കോഓർഡിനേറ്റർ, ജില്ലാ പ്രോഗ്രാം മാനേജർ നേരിട്ട് സ്ഥലം സന്ദർശിച്ചു കൃഷി വിലയിരുത്തി സാക്ഷ്യപ്പെടുത്തുന്ന പക്ഷം ഹോണറേറിയം ജില്ലാ മിഷനിൽ നിന്നും ജീവ അംഗത്തിന്

നൽകാവുന്നതാണ്. ടി. തുക എൻ. ആർ. എൽ. എം. B2.2.4 എന്ന ഉപശീർഷകത്തിൽ നിന്നും ചിലവാക്കാവുന്നതാണ്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്കും
പകർപ്പ്
സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അഗ്രി)

അനുബന്ധം I

**(Ag 04) – തരിശുരഹിത ഗ്രാമം സർവേ ഫോറം**

**കൃഷിസ്ഥല വിവരങ്ങൾ**

| | | | | |
|---|---|---|---|---|
| ബ്ലോക്ക് | | | | |
| സി ഡി എസ് | | | | |
| വാർഡ് | | | | |
| സർവേ നമ്പർ | | | | |
| വില്ലേജ് | | | | |
| സ്ഥലം ഉടമയുടെ പേര് | | | | |
| സ്ഥലം ഉടമയുടെ വിലാസം | | | | |
| സ്ഥലത്തിന്റെ വിസ്തൃതി (ഏക്കർ) : | | | | |
| സ്ഥലം ഏത് വിഭാഗത്തിൽപ്പെടുന്നു | പാടം | | കരഭൂമി | |
| കൃഷി ചെയ്യാൻ അനുയോജ്യമായ വിള | | | | |
| എത്ര വർഷമായി ഭൂമി തരിശായി കിടക്കുന്നു ? | | | | |

**കൃഷി ചെയ്യുന്ന ജെ എൽ ജി യുടെ വിവരങ്ങൾ**

| | |
|---|---|
| കൃഷി ചെയ്യുന്ന ജെ എൽ ജി യുടെ പേര് : | |
| പ്രസിഡന്റിന്റെ പേര് | |
| സെക്രട്ടറിയുടെ പേര് : | |
| ജെ എൽ ജി പുതുക്കിയത്/ നിലവിലുള്ളത് | |
| അഫിലിയേഷൻ ചെയ്ത /പുതുക്കിയ തിയതി : | |
| MNREGA സഹായം ലഭ്യമാക്കിയോ ? | |

## സാക്ഷ്യപത്രം

മേൽപറഞ്ഞ വിവരങ്ങൾ ഞാൻ നേരിട്ട് കണ്ടു ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപെടുത്തുന്നു.

പേര്

ഒപ്പ്

**ജീവ**

## സാക്ഷ്യപത്രം

അനുബന്ധം I പ്രകാരം ജീവ അംഗം സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ ഞാൻ നേരിട്ട് കണ്ടു ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും Ag 04 പദ്ധതി നിർദ്ദേശങ്ങൾക്ക് അനുസൃതമായി ............ ഏക്കർ തരിശുഭൂമി കണ്ടെത്തി കൃഷി ആരംഭിച്ചതു പ്രകാരം .................. രൂപ Ms./Mrs. ..................................... ജീവ അംഗത്തിനു ഹോണറേറിയമായി അനുവദിക്കാവുന്നതാണ് എന്നും സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| പേര് | പേര് |
| ഒപ്പ് | ഒപ്പ് |
| **ജില്ലാപ്രോഗ്രാം മാനേജർ** | **ബ്ലോക്ക് കോർഡിനേറ്റർ** |